**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.595** | | **23.05.2017-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ശുചിത്വനഗര സർവ്വെ പട്ടികയിൽ കേരളത്തിലെ നഗരങ്ങളുടെ സ്ഥാനം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.കെ.മുരളീധരൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | മാലിന്യനിർമ്മാർജ്ജനം ജനകീയപ്രസ്ഥാനമാക്കുന്ന സമഗ്രപദ്ധതി, പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നുവെന്നത് വസ്തുതയാണോ; | (എ) | അല്ല. |
| (ബി) | കേന്ദ്രസർക്കാർ പദ്ധതിയായ സ്വച്ഛ് ഭാരതിന്റെ ഭാഗമായി കേന്ദ്രനഗരവികസന മന്ത്രാലയം നടത്തിയ ശുചിത്വനഗര സർവ്വേയിൽ ആദ്യത്തെ 250 നഗരങ്ങളുടെ പട്ടികയിൽ കേരളത്തിലെ ഒരു നഗരവും സ്ഥാനം പിടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | 2015 ലും 2016 ലും നടത്തിയ സർവ്വേകളിൽ സംസ്ഥാനത്തെ ഏതെങ്കിലും നഗരങ്ങൾ മുൻപന്തിയിലെത്തിയിരുന്നോ; വിശദാംശം നൽകുമോ; | (സി) | 2015-ൽ ശുചിത്വനഗരം സർവ്വേ നടന്നിരുന്നില്ല 2016-ൽ ഭാരതത്തിലെ 73 നഗരങ്ങളെ ഉൾപ്പെടുത്തി നടത്തിയ സർവ്വേയിൽ കേരളത്തിൽ നിന്നും തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങൾക്ക് യഥാക്രമം 40, 44, 55 എന്നീ റാങ്കുകൾ ലഭിച്ചിരുന്നു. |
| (ഡി) | ശുചിത്വ സംസ്ഥാനമെന്ന പേരിൽ അറിയപ്പെട്ടിരുന്ന കേരളത്തെ വരുംവർഷങ്ങളിലെ ശുചിത്വനഗര സർവ്വെ പട്ടികയിൽ മുന്നിലെത്തിക്കുവാൻ എന്ത് നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വച്ഛ് സർവേക്ഷന്റെ ഭാഗമായി നടത്തപ്പെടുന്ന സർവ്വേയിൽ വിവരം ശേഖരിക്കപ്പെടുന്ന പ്രധാന ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2) വ്യക്തിഗത, കമ്മ്യൂണിറ്റി, പബ്ലിക്ക് ടോയ്‌ലറ്റുകൾ (3) വെളിയിട വിസർജ്ജന രഹിത സിറ്റി (4) വിവര വിജ്ഞാനവ്യാപനം, വിവരസാങ്കേതിക വിദ്യ എന്നിവയിലധിഷ്ഠിതമായ സ്വച്ഛതാ ആപ്പ് എന്നീ സേവനങ്ങളുടെ സമയബന്ധിതവും ഗുണപരവുമായ നിർവഹണത്തിലും മാനേജ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ